From

To

സർ,

വിഷയം : കേരളത്തിലെ ലത്തീൻ കത്തോലിക്കർക്ക് ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമർപ്പിക്കുന്ന നിവേദനം.

സൂചന :

1. 04.11.2010 ലെ സ.ഉ (എം.എസ്) നം. 113/10 പജപവവിവ(എഫ്) പുറപ്പെടുവിച്ച ഉത്തരവ്.
2. സ.ഉ.(കൈ) നം. 02/2021/പി.വി.വി.വ/തീയതി 06.02.2021.
3. 25.02.2022 -ാം തീയതിയിലെ സ.ഉ.(കൈ) നമ്പർ 01/2022/ബിസിഡിഡി
4. 05.10.2023 – ബി.സി.ഡി.ഐ.ആർ/800/2022/ബി2 നമ്പർ പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കത്ത്.
5. 04.04.2012 നമ്പർ 55/2012/പ.ജ.പ.വ.വി.വ സർക്കാർ ഉത്തരവ്.
6. 27.02.2016 ലെ 585 /ബി 3/2016 നമ്പർ പി.സ.വി. വകുപ്പ് സർക്കുലർ
7. സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ആർച്ച് ബിഷപ്പ് സൂസപാക്യം അവർകൾക്ക് നൽകിയ സർക്കാർ കത്ത്. (നമ്പർ 21276/ഇ2/94/പ.ജ.പ.വ.വി.വ തീയതി 30.09.95)
8. 22.03.1995 ൽ കേരളത്തിലെ ലത്തീൻ മെത്രാന്മാർ അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ.ആന്റണിക്ക് നൽകിയ സംയുക്തനിവേദനം.
9. 14.07.2015 ലെ സ.ഉ (എം.എസ്) നം. 10/2015/പി.സ.വി.വ ഉത്തരവ്.

കേരളത്തിലെ ലത്തീൻ കത്തോലിക്കർക്ക്, ഉദ്യോഗസ്ഥസംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭ്യമാകുന്നതിന് ആധാരമായ 'ലത്തീൻ സമുദായ സർട്ടിഫിക്കറ്റ്' ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ സർക്കാരിന് മുമ്പിൽ അവതരിപ്പിക്കുന്നതിനും ശാശ്വതമായി പരിഹരിക്കപ്പെടുന്നതിനുമാണ് ഈ നിവേദനം സമർപ്പിക്കുന്നത്. 2010 ലും 2021 ലും ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളിലെ അവ്യക്തതകളും ന്യൂനതകളും കാരണം പലപ്പോഴും ലത്തീൻ സമുദായ അംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വലിയ തടസ്സങ്ങൾ നേരിടുകയാണ്. ടി ഉത്തരവുകളുടെ പശ്ചാത്തലവും ഉത്തരവുകൾ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും ചുവടെ ചേർക്കുന്നു.

## I. 2010 ൽ പുറപ്പെടുവിച്ച 1947 Cutoff വർഷ ഉത്തരവ്

സൂചന (1) പ്രകാരം 04.11.2010 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ ഒന്നാം ഖണ്ഡിക യിൽ **"1947 ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവ രുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളൂ" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.** പ്രസ്തുത നിർദ്ദേശം പിന്നോക്കക്കാരായ ലത്തീൻ കത്തോലിക്കർക്ക് സമുദായ സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിനുള്ള പഴുതായി റവന്യൂ ഉദ്യോഗസ്ഥർ വ്യാപകമായി ദുരുപയോഗപ്പെടുത്തുകയാണ്. ഇത്തരുണത്തിൽ താഴെ പറയുന്ന വസ്തുതകൾ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയ്ക്കും സത്വരനടപടികൾക്കുമായി സമർപ്പിക്കുന്നു.

(i) പല ജാതികളും ഉപജാതികളും ഉൾക്കൊള്ളുന്ന ഒരു സമുദായമാണ് ലത്തീൻ കത്തോ ലിക്കർ. **കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഒരു വംശീയ സമുദായ മല്ല.** ഒദ്യോ ഗികമായ നിർവചനം നിലവിലില്ല എങ്കിലും മുക്കുവർ, ഈഴവർ, നാടാർ, മുന്നൂറ്റി ക്കാർ, അഞ്ഞൂറ്റിക്കാർ, എഴുന്നൂറ്റിക്കാർ, ഭരതർ എന്നീ വിവിധ വിഭാഗങ്ങൾ സമുദാ യത്തിലുള്ളതായി പല സർക്കാർ ഉത്തരവുകളിലും കോടതിവിധികളിലും പരാമർശ ങ്ങൾ ഉണ്ട്. ആംഗ്ലോ-ഇന്ത്യകാർക്ക് പ്രത്യേകം സോഷ്യൽ ഐഡന്റിറ്റി ഉണ്ടെങ്കിലും സംവരണകാര്യങ്ങൾക്ക് ലത്തീൻ കത്തോലിക്കരോടാണ് അവരെ ഉൾക്കൊള്ളിച്ചിട്ടു ള്ളത്. ചവളക്കാർ, തട്ടാർ, ആശാരി, കാവതി, പറയർ, പുലയർ, കുറവർ, ചേരമർ, സാംബവർ, വെള്ളാള, മുണ്ടക്കയം ലത്തീൻ തുടങ്ങി നിരവധി ഉപജാതികളും **ലത്തീൻ കത്തോലിക്കാവിശ്വാസ സമൂഹത്തിൽ ഉണ്ടായിരുന്നു. ഏതാണ്ട് 90 വർഷത്തില ധികമായി ലത്തീൻ കത്തോലിക്കർ സംവരണ അവകാശം അനുഭവിച്ചുവരികയാണ്.**

(ii) ലത്തീൻ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം 1947 രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ച വർഷമെന്നല്ലാതെ മറ്റൊരു പ്രാധാന്യവുമില്ല. ലോകത്തിലെ റോമൻ കത്തോലിക്ക രിൽ 95% ത്തിലധികം വരുന്ന ലത്തീൻ കത്തോലിക്കരുടെ ആരാധനാക്രമത്തിലോ മറ്റു ആചാരങ്ങളിലോ, വിശ്വസങ്ങളിലോ 1947 എന്ന വർഷത്തിന് പ്രാധാന്യമൊന്നു മില്ല. **1947 എന്ന വർഷത്തിന്റെ സർക്കാർ ദുരുപയോഗം ലത്തീൻ സമുദായത്തെ മുറിവേൽപ്പിക്കുന്ന വർഷമായി സർക്കാർ തീരുമാനിച്ചത് ഏറെ ദുരൂഹമായി തുട രുകയാണ്. കഴിഞ്ഞ 180 മാസത്തിലേറെയായി നമ്മുടെ കഴുത്തിൽ കെട്ടിവച്ച കല്ലു പോലെ 1947 വിലസുകയാണ്.**

(iii) 1947 സെപ്തംബർ 26-ാം തീയതിയാണ് എസ്.ഐ.യു.സി ഉൾപ്പെടെയുള്ള മൂന്നു പ്രധാനപ്രൊട്ടസ്റ്റന്റ് സഭകളുടെ വിശാലകൂട്ടായ്മയായി ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. ആയതിനാൽ 1947 എന്ന Cut off വർഷം എസ്.ഐ.യു.സി ക്ക് സംവരണ ആനുകൂല്യം നിർണ്ണയിക്കുന്നതിന് സഭാചരിത്രവുമായി ബന്ധപ്പെടുത്തി സർക്കാർ പുറപ്പെടുവിച്ച ഒരു മാനദണ്ഡം മാത്ര മാണ്. 26.09.1947 എന്ന അടിസ്ഥാന വർഷം എസ്.ഐ.യു.സി ക്ക് സർക്കാർ നിശ്ച യിച്ചുവെങ്കിലും സമാനമായ രീതിയിൽ ലത്തീൻ കത്തോലിക്കരെ ബാധിക്കുന്ന ഒരു

ഉത്തരവും അതുവരെ പുറപ്പെടുവിച്ചിരുന്നില്ല. യാതൊരു പഠനവും നടത്താതെ രണ്ടു വ്യത്യസ്ത പാരമ്പര്യമുള്ള സഭാവിഭാഗങ്ങളെ കൂട്ടിക്കെട്ടുകയാണ് സർക്കാർ 04.11.2010 ലെ ഉത്തരവിലൂടെ ചെയ്തത്. 1947 എന്ന വർഷം അടിസ്ഥാനമാക്കി ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് നിർണ്ണയിക്കുന്നതിനുള്ള സർക്കാർ തീരുമാനം ചരിത്രവസ്തുതകളുടെ നിഷേധവും ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടില്ലാത്തതുമാണ്.

(iv) സാധാരണ സർക്കാർ ഉത്തരവുകളിൽ വർഷത്തിനു പുറമെ തീയതിയും, മാസവും കൂടെ രേഖപ്പെടുത്താറുണ്ട്. ഇക്കാര്യം പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം 05.01.2023 ൽ സർക്കാരിനയച്ച കത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. **'ഉത്തരവിൽ 1947 എന്ന വർഷം മാത്രമാണുള്ളത്, തീയതി ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. 1947 എന്ന വർഷം എസ്.ഐ.യു.സി വിഭാഗത്തിന് മാത്രമേ ഏതെങ്കിലും തരത്തിൽ ബാധിക്കുകയുള്ളൂ. ലത്തീൻ കത്തോലിക്കാ വിഭാഗത്തിനോ മറ്റു ഇതരവിഭാഗങ്ങൾക്കോ 1947 എന്നത് എങ്ങനെ പ്രസക്തമാകുന്നുവെന്ന ഒരു രേഖയും സർക്കാർ നിർദ്ദേശവും 2010 വരെ നിലവിലില്ലായിരുന്നു'.**

(v) മുൻകാലപ്രാബല്യത്തിലൂടെ ഒരു പിന്നോക്ക-ന്യൂനപക്ഷ സമുദായത്തിന്റെ മൗലികമായ സംവരണാവകാശത്തിന്റെ അടിത്തറയായ ജാതിനിർണ്ണയം ഇത്രയും വിചിത്രവും അശാസ്ത്രീയവുമായി പരിമിതപ്പെടുത്തുന്നത് കേട്ടുകേൾവിയില്ലാത്ത കാര്യമാണ്.

നിരന്തരമായി ഞങ്ങളുടെ സഭാ മെത്രാന്മാരും, സമുദായ നേതാക്കളും നിവേദനങ്ങൾ നൽകിയത് നിമിത്തം 04.11.2010 ലെ ഉത്തരവിനെ ഭാഗികമായി ഭേദഗതി ചെയ്ത് 04.04.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 55/2012/പ.ജ.പ.വ.വി.വ നമ്പർ പ്രകാരം **'ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും, പ്രസ്തുത വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്കാ സമുദായ അംഗങ്ങൾ ആയിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് ഒരു സഹായകരേഖയായി പരിഗണിക്കണമെന്ന്'** സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിനുശേഷം 27.02.2016 ലെ 585/ബി3/2016 നമ്പർ സർക്കുലർ പ്രകാരം **"ലത്തീൻ കത്തോലിക്കാ വിഭാഗത്തിനും, എസ്.ഐ.യു.സി നാടാർ ക്രിസ്ത്യൻ വിഭാഗത്തിനും അവരുടെ സമുദായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒഴിവാക്കി ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും റവന്യൂ അധികാരികൾ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ടി സമുദായങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റ് നൽകണമെന്ന്** വ്യക്തമാക്കിയിരുന്നു". അതായത് 1947 ന് മുമ്പ് മതം മാറിയവരെന്ന ഔദ്യോഗിക രേഖകൾ ഹാജരാക്കുന്നതിൽ നിന്ന് ഒഴിവാക്കി എന്നാണ് നേരത്തെ സൂചിപ്പിച്ച ഉത്തരവുകളിൽ നിന്നും നമുക്ക് മനസ്സിലാക്കേണ്ടത്. പക്ഷെ മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകളിലും, സർക്കുലറുകളിലും, **"1947 ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽ ഉൾപ്പെട്ടവരും, അതായത് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവരും, അവരുടെ പിൻതലമുറക്കാർക്കും ആയിരിക്കണം ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് നൽകാവൂ" എന്ന നിബന്ധന ഒഴിവാക്കിയതായി പരമാർശിച്ചിട്ടില്ല".**

സർക്കാർ ഉത്തരവിന്റെ വ്യക്തതക്കുറവ്, റവന്യു അധികാരികൾക്ക് ആശയക്കുഴപ്പം ഉണ്ടാക്കുകയും, വ്യക്തമായ സ്പഷ്ടീകരണ ഉത്തരവിന്റെ അഭാവത്തിൽ 1947 എന്ന

cutoff വർഷം നിരന്തരം പ്രശ്നമായി തുടരുകയുമാണ്.

മേൽപറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് 1947 എന്ന വർഷത്തെ അടിസ്ഥാനമാക്കി 04.11.2010 ലെ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള **'1947 നു മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അർഹതയുള്ളൂ' എന്ന വാചകം പൂർണ്ണമായി നീക്കം ചെയ്ത് പുതുക്കിയ ഉത്തരവ് അടിയന്തിരമായി നൽകണമെന്ന് ആവശ്യപ്പെടുന്നു.**

## II. 2021-22 ലെ നാടാർ ക്രൈസ്തവരുടെ ഒ.ബി.സി സംവരണ ഉത്തരവ്

2021 -ൽ സർക്കാർ സൂചന രണ്ടിലെ ഉത്തരവ് വഴി നിലവിൽ സംവരണം ഒന്നും ലഭ്യമല്ലാതിരുന്ന 'നാടാർ ക്രൈസ്തവരെ' ഒ.ബി.സി ക്വാട്ടയിലേക്ക് ഉൾപ്പെടുത്തിയ നൽകിയ ഉത്തരവിൽ "എസ്.ഐ.യു.സി ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ (Nadar belonging to Christian Religious Denominations other than the SIUC) സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി സംവരണ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു" എന്ന പരാമർശം പല റവന്യൂ ഉദ്യോഗസ്ഥന്മാരും ദുരുപയോഗം ചെയ്ത് ലത്തീൻ കത്തോലിക്കാ നാടാർ വിഭാഗ അപേക്ഷകർക്ക് ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന ധാരാളം കേസുകൾ ഉണ്ടായിരിക്കുകയാണ്.

**നേരത്തേ സൂചിപ്പിച്ച 04.11.2010 ലെ സർക്കാർ ഉത്തരവിന്റെ മൂന്നാംഖണ്ഡികയിൽ 'ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകരുടെ സ്കൂൾ രേഖകളിൽ ചേർത്തിട്ടുള്ള ജാതിയോ, ഉപജാതിയോ (ലത്തീൻ കത്തോലിക്ക - ഈഴവ, ലത്തീൻ കത്തോലിക്കാ-മുക്കുവ, ലത്തീൻ കത്തോലിക്ക-നാടാർ എന്നിങ്ങനെ) എന്തു തന്നെ ആയിരുന്നാലും റവന്യു ഉദ്യോഗസ്ഥന്മാർ ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് ലത്തീൻ കത്തോലിക്കാ എന്ന് മാത്രമായിരിക്കണം ' എന്ന ഉത്തരവ് നിലനിൽക്കുന്നുവെങ്കിലും, നാടാർ ലത്തീൻ കത്തോലിക്കാ അപേക്ഷകർക്ക്, 2021-22 വർഷങ്ങളിലെ പുതിയ നാടാർ ക്രൈസ്തവ ഒ.ബി.സി ഉത്തരവിന്റെ വെളിച്ചത്തിൽ, ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് വ്യാപകമായി നിഷേധിക്കുകയാണ്.**

06.02.2021 ലെ ഉത്തരവിലും, അതു റദ്ദ് ചെയ്തു പുറപ്പെടുവിച്ച 25.02.2022 ലെ സർക്കാർ ഉത്തരവിലും, ലത്തീൻ കത്തോലിക്ക സമുദായത്തിലെ നാടാർ വിഭാഗത്തെ (കത്തോലിക്കരെ) പ്രത്യേകിച്ച് ഒഴിവാക്കി പരമാർശിച്ച് രേഖപ്പെടുത്താത്തതിനാൽ ലത്തീൻ കത്തോലിക്ക നാടാർ വിഭാഗങ്ങളെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ഉത്തരവ് വ്യാഖ്യാനിച്ച്, റവന്യൂ അധികാരികൾ ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് നിരസിക്കുന്ന നിരവധി സംഭവങ്ങൾ ഇപ്പോൾ സംജാതമായിരിക്കുകയാണ്. ഇത്തരുണത്തിൽ താഴെ പറയുന്ന വസ്തുതകൾ സർക്കാരിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു.

എ) സൂചന എട്ടിൽ പറഞ്ഞിട്ടുള്ള കേരളത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാന്മാർ സർക്കാരിന് സമർപ്പിച്ച സംയുക്ത നിവേദനത്തിൽ **മുക്കുവ, നാടാർ, ഈഴവ തുടങ്ങിയ നിരവധി ഉപവിഭാഗങ്ങൾ ലത്തീൻ കത്തോലിക്കാ സമുദായത്തിൽ ഉൾപ്പെടുന്നതായും അവരെയെല്ലാം ലത്തീൻ കത്തോലിക്കരായി കണക്കാക്കി ലത്തീൻ**

**കത്തോലിക്ക സംവരണം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.**

ബി) വിവിധ ഉപജാതികളിൽപ്പെട്ട ലത്തീൻ കത്തോലിക്ക സമുദായ അംഗങ്ങൾക്ക്, വിദ്യാഭ്യാസ ആനുകൂല്യങ്ങളും, വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകളും (ഉദാ: നാടാർ പെൺകുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, മുക്കുവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ) ലഭിക്കേണ്ടതിന് അവരുടെ ഉപജാതിനാമങ്ങൾ എസ്.എസ്.എൽ.സി തുടങ്ങിയ വിദ്യാഭ്യാസ രേഖകളിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. ക്രീമിലേയർ സർട്ടിഫിക്കറ്റിൽ നിന്നും ഒഴിവാക്കുന്നതിനായി "Latin Catholic Mukkuva/Latin Catholic Anjoottikar"എന്നീ ഉപജാതി നാമങ്ങൾ രേഖപ്പെടുത്താറുമുണ്ട്. അത് ലത്തീൻ കത്തോലിക്കാ സമുദായത്തിലെ വിവിധ ജാതി/ ഉപജാതികളുടെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നതാണ്.

സി) സൂചന 5, 6 എന്നീ സർക്കാർ ഉത്തരവിലും സർക്കുലറിലും **'ലത്തീൻ കത്തോലിക്കാ നാടാർ'** ലത്തീൻ കത്തോലിക്കാ സമുദായത്തിലെ ഒരു ഉപവിഭാഗമായി പരാമർശിക്കപ്പെട്ടിട്ടുള്ളത്, 'ലത്തീൻ കത്തോലിക്കാ 'നാടാർ' എന്ന ഉപവിഭാഗത്തെ സർക്കാർ അംഗീകരിച്ചതിന് ഒരു തെളിവ് കൂടിയാണിത്.

ഡി) കേരളത്തിലെ നിലവിലുള്ള 12 ലത്തീൻ രൂപതകളിലും നാടാർ ഉപവിഭാഗത്തിലുള്ള കത്തോലിക്കർ വിശ്വാസികളായിട്ടുണ്ട്. 12 ലത്തീൻ രൂപതകളിലെ 16 മെത്രാന്മാരിൽ (നെയ്യാറ്റിൻകര, പുനലൂർ രൂപതകളിൽ) മൂന്നുപേർ നാടാർ വിഭാഗത്തിലുള്ളവരാണെന്നതും ലത്തീൻ കത്തോലിക്കാ നാടാർ വിഭാഗത്തിന്റെ സജീവ സാന്നിദ്ധ്യം വിളിച്ചു പറയുന്നതാണ്. (Rt.Rev.Dr.Vincent Samuel, Rt.Rev.Dr.Selvarajan Dasan, Neyyattinkara Latin Diocese and Rt.Rev.Dr.Selvister Ponnumuthan, Punalur Latin Diocese).

ഇ) കേരളത്തിലെ നിയമസഭ തെരഞ്ഞെടുപ്പ് ചരിത്രം പരിശോധിക്കുമ്പോൾ 1948-1952 കാലഘട്ടത്തിൽ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിൽ ലത്തീൻ കത്തോലിക്കാ സമുദായത്തിനായി സംവരണം ചെയ്യപ്പെട്ട 12 അസംബ്ലി മണ്ഡലങ്ങളിൽ നിരവധി ലത്തീൻ കത്തോലിക്കാ നാടാർ സമുദായാംഗങ്ങൾ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുമുണ്ട്.

എഫ്) സൂചന 1, 7 എന്നീ ഉത്തരവിലും സർക്കുലറിലും 'ലത്തീൻ കത്തോലിക്കാ നാടാർ, ലത്തീൻ കത്തോലിക്കാ മുക്കുവ, ലത്തീൻ കത്തോലിക്കാ ഈഴവ' എന്നീ ഉപജാതി പേരുകൾ രേഖപ്പെടുത്തിയിട്ടുള്ളവർക്കും, സമുദായ സർട്ടിഫിക്കറ്റ് നൽകുമ്പോൾ 'ലത്തീൻ കത്തോലിക്കാ' എന്ന സർട്ടിഫിക്കറ്റ് മാത്രമേ നൽകാവൂ എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. അതു സൂചിപ്പിക്കുന്നത് ലത്തീൻ കത്തോലിക്കാ സമുദായത്തിലെ വിവിധ ഉപജാതികളുടെ സാന്നിദ്ധ്യത്തെക്കൂടെയാണ്.

ജി) ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ നാടാർ സംവരണം സംബന്ധിച്ചുള്ള, സ്പഷ്ടീകരണം നൽകുന്നതിനായി, സർക്കാർ നിർദ്ദേശാനുസരണം റവന്യൂ അധികാരികളുമായി, 2022 നവംബർ മാസം 30-ാം തീയതി നടത്തിയ ശിൽപശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി പിന്നോക്ക വിഭാഗവകുപ്പ് ഡയറക്ടർ 01/ 2022/പി.വി.വി.വ ഉത്തരവ് സംബന്ധിച്ച് ഒരു സ്പഷ്ടീകരണ പരിപത്രം പുറപ്പെടുവിക്കു

ന്നത് ഉചിതമായിരിക്കുമെന്ന് സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുമുണ്ട് (സൂചന 4).

മേൽ സൂചിപ്പിച്ച വസ്തുതകൾ കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമുദായത്തിൽ 'നാടാർ' എന്ന ഉപവിഭാഗത്തിന്റെ സാന്നിദ്ധ്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഉദാഹരണമാണ്.

ഇപ്പോൾ ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിൽ സംജാതമായിട്ടുള്ള പ്രതിസന്ധിയെ സൂചന 3 ഉത്തരവിൽ എസ്-ഐ.യു.സി' വിഭാഗത്തിലുള്ള നാടാർ വിഭാഗത്തോടൊപ്പം, ലത്തീൻ - കത്തോലിക്കാ സമുദായത്തിലെ നാടാർ വിഭാഗത്തെയും, സർക്കാർ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള സ്പഷ്ടീകരണ ഉത്തരവിലൂടെ പരിഹരിക്കാവുന്നതാണ്. **ഇത്തരമൊരു സ്പഷ്ടീകരണ ഉത്തരവിലൂടെ ലത്തീൻ സമുദായത്തിൽപ്പെട്ടവർക്ക് എന്തെങ്കിലും അനധികൃതമായി നേടുന്നതിനോ, മറ്റേതെങ്കിലും സമുദായത്തിന്റെ സംവരണ ആനുകൂല്യങ്ങൾ അട്ടിമറിക്കുന്നതിനോ അല്ല എന്നും ചൂണ്ടിക്കാണിക്കുന്നു.** നിലവിലുള്ള അവകാശം സംരക്ഷിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കഴിഞ്ഞ 50 മാസങ്ങളായി ഒരു സ്പഷ്ടീകരണ ഉത്തരവിന്റെ അഭാവത്തിൽ സമുദായ അംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്.

മേൽസൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ താഴെ പറയുന്ന ആവശ്യങ്ങൾ സർക്കാരിന്റെ സത്വര പരിഗണനയ്ക്കും ഉത്തരവിനുമായി സമർപ്പിക്കുന്നു.

1. ലത്തീൻ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാന വർഷം ലത്തീൻ കത്തോലിക്ക സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യണമെന്ന് അപേക്ഷിക്കുന്നു. 1947 എന്ന വർഷത്തെ അടിസ്ഥാനമാക്കി 04.11.2010 ലെ സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള '1947 ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അർഹതയുള്ളൂ' എന്ന വാചകം പൂർണ്ണമായി നീക്കം ചെയ്ത് പുതുക്കിയ ഉത്തരവ് അടിയന്തിരമായി നൽകണമെന്നും, ലത്തീൻ കത്തോലിക്ക ബിഷപ്പുമാർ നൽകുന്ന ലത്തീൻ സഭാവിശ്വാസ സർട്ടിഫിക്കറ്റിന് മുൻതൂക്കം നൽകി എല്ലാ ലത്തീൻ കത്തോലിക്കർക്കും ലത്തീൻ സമുദായ സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നൽകുക.

2. ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി സംവരണം അനുവദിക്കുന്ന ഉത്തരവിൽ എസ്.ഐ.യു.സി യോടൊപ്പം ലത്തീൻ കത്തോലിക്ക നാടാർ വിഭാഗത്തെയും ഒഴിവാക്കി സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുക. നിലവിൽ സംവരണ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള എസ്.ഐ.യു.സി/ലാറ്റിൻ കാത്തലിക് ക്രിസ്ത്യൻ വിഭാഗങ്ങളിലെ നാടാർ സമുദായങ്ങളെ ഒഴിവാക്കി സംവരണ പരിധിയിൽ ഇതുവരെയും ഉൾപ്പെട്ടിട്ടില്ലാത്ത ഇതരക്രിസ്ത്യൻ വിഭാഗങ്ങളിലെ നാടാർ സമുദായങ്ങളെ സംവരണ ആനുകൂല്യങ്ങൾക്കായി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി 25.02.2022 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ ആറാം ഖണ്ഡിക ഭേദഗതി ചെയ്യുക.

വിശ്വസ്തതയോടെ,